REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 31-12-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ബഹിരാകാശ ഗവേഷണ രംഗത്ത് ഇന്ത്യ ചരിത്ര നേട്ടത്തിലേക്ക്. ബഹിരാകാശത്ത് ഉപഗ്രഹങ്ങളെ**
- **കൂട്ടി യോജിപ്പിക്കുന്ന, ISRO-യുടെ സ്പാഡെക്സ് - ദൗത്യം വിജയകരമായി വിക്ഷേപിച്ചു.**
- **വയനാട് മുണ്ടക്കൈ ദുരന്തം അതിതീവ്ര ദുരന്തമായി കേന്ദ്രം പ്രഖ്യാപിച്ചു.**
- **MT വാസുദേവൻ നായർക്ക് ആദരമർപ്പിക്കാൻ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **ഹാർബറുകൾ ആധുനീകരിക്കാൻ ആവിഷ്കരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ.**
- **പുത്തൻ പ്രതീക്ഷകളുമായി പുതുവർഷത്തെ വരവേൽക്കാൻ നാടും നഗരവുമൊരുങ്ങി.**
- **സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം ഇന്ന് ബംഗാളിനെ നേരിടും.**

# വാർത്തകൾ വിശദമായി

ബഹിരാകാശ ഗവേഷണ രംഗത്ത് ഇന്ത്യ ചരിത്ര നേട്ടത്തിലേക്ക്. ബഹിരാകാശത്ത് ഉപഗ്രഹങ്ങളെ കൂട്ടി യോജിപ്പിക്കുന്ന, ISRO-യുടെ സ്പേസ് ഡോക്കിംഗ് എക്സ്പിരിമെന്റ് - സ്പാഡെക്സ് - ദൗത്യം ഇന്നലെ രാത്രി വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് സ്പേസ് ഡോക്കിംഗ് പരീക്ഷണത്തിന് സഹായിക്കുന്ന രണ്ട് ബഹിരാകാശ പേടകങ്ങളുമായി ISROയുടെ PSLV-C60 റോക്കറ്റ് ബഹിരാകാശ ത്തേക്ക് കുതിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

............വോയ്സ്...........

ചേസർ എന്ന് വിളിക്കുന്ന SDX01, ടാർഗെറ്റ് എന്ന് വിളിക്കുന്ന SDX02 എന്നീ രണ്ട് ഉപഗ്രഹങ്ങളെയണ് ISRO വിജയകരമായി ഭൗമ ഭ്രമണപഥത്തിലെത്തിച്ചത്. അടുത്ത 10 ദിവസത്തിനുള്ളിൽ ഇരട്ട ഉപഗ്രഹങ്ങൾ ഒത്തുചേരുന്ന ബഹിരാകാശ ഡോക്കിംഗ് നടത്തും. ചാന്ദ്ര പര്യവേഷണങ്ങളും ഭാരതീയ അന്തരിക്ഷ് സ്റ്റേഷനും ഉൾപ്പെടെ ഭാവി ദൗത്യങ്ങൾക്കു നിർണായക ശേഷിയായ, നൂതനമായ ഇൻ-സ്പേസ് ഡോക്കിംഗ് സാങ്കേതികവിദ്യയും SpaDeX ലക്ഷ്യമിടുന്നു. ഓർബിറ്റൽ ഡോക്കിംഗിൽ ഇന്ത്യയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനു നിർണായക ചുവടുവെപ്പാണ് SpaDeX ദൗത്യം. ഈ ദൗത്യത്തിന്റെ വിജയകരമായ പൂർത്തീകരണം, ബഹിരാകാശത്ത് സങ്കീർണ്ണമായ പ്രവർത്തനങ്ങൾ നടത്താൻ ISROയുടെ കഴിവ് വർദ്ധിപ്പിക്കുകയും ഭാവിയിലെ അന്തർഗ്രഹ ദൗത്യങ്ങൾക്ക് അടിത്തറയിടുകയും ചെയ്യും.

വിജയകരമായ വിക്ഷേപണത്തിന് ശേഷം രണ്ട് ഉപഗ്രഹങ്ങളുടെയും പാനലുകൾ വിജയകരമായി വിന്യസിച്ചതായി ISRO ചെയർമാൻ S. സോമനാഥ് അറിയിച്ചു. അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ, SDX01, SDX02 ഉപഗ്രഹങ്ങൾ 20 കിലോമീറ്റർ സഞ്ചരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് രണ്ട് ഉപഗ്രഹങ്ങളും അടുത്ത് വരികയും ബഹിരാകാശത്ത് ഒരുമിച്ച് ഡോക്ക് ചെയ്യുമെന്നും ISRO ചെയർമാൻ അറിയിച്ചു.

✪✪✪

മുണ്ടക്കൈ ദുരന്തം അതിതീവ്ര ദുരന്തമായി കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചു. കേരളത്തിന്റെ ആവശ്യം അംഗീകരിച്ച് കേന്ദ്രം ഉത്തരവിറക്കി. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ജോയിന്റ് സെക്രട്ടറി ഡോ.രാജേഷ് ഗുപ്ത, സംസ്ഥാന റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാളിന് അയച്ച കത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

കേന്ദ്രസംഘം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിലാണു പ്രഖ്യാപനം. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി SDRFലേക്കു പണം കൈമാറിയെന്നും ഇതിന് പുറമെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് കൂടി തുക അനുവദിക്കുമെന്നും കത്തിൽ പറയുന്നു.

മുണ്ടക്കൈ, ചൂരൽമല പുനരധിവാസ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ കേന്ദ്ര പ്രഖ്യാപനം സംസ്ഥാനത്തിന് ഏറെ സഹായകരമാകും.

✪✪✪

വയനാട് ദുരന്തത്തെ "അതിതീവ്ര ദുരന്ത"മായി പ്രഖ്യാപിക്കാൻ ആഭ്യന്തര മന്ത്രി അമിത്ഷാ തീരുമാനം എടുത്തതിൽ സന്തോഷമുണ്ടെന്ന് വയനാട് എം പി പ്രിയങ്ക ഗാന്ധി പറഞ്ഞു. പുനരധിവാസത്തെ ഇത് ഏറെ സഹായിക്കുമെന്നും ശരിയായ ദിശയിലേക്കു ചുവടുവെപ്പാണെന്നും അവർ സാമൂഹിക മാധ്യമ പോസ്റ്റിൽ പറഞ്ഞു. ഇതിന് മതിയായ ഫണ്ട് എത്രയും വേഗം അനുവദിക്കാൻ കഴിയുമെങ്കിൽ നാമെല്ലാവരും നന്ദിയുള്ളവരായിരിക്കും പ്രിയങ്ക അറിയിച്ചു.

✪✪✪

MT വാസുദേവൻ നായർക്ക് ആദരമർപ്പിക്കാൻ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ടാഗോർ തിയേറ്ററിൽ ചേരുന്ന സമ്മേളനത്തിൽ മന്ത്രിമാരും ജനപ്രതിനിധികളും സാഹിത്യരംഗത്തെ പ്രമുഖരും MTയെ അനുസ്മരിക്കും. തുടർന്ന് സംഗീതാർച്ചനയും ഉണ്ടായിരിക്കും. പുസ്തക പ്രദർശനം, ഫോട്ടോ പ്രദർശനം, 1973-ലെ ദേശീയ സംസ്ഥാന പുരസ്കാരങ്ങൾ നേടിയ നിർമാല്യം സിനിമയുടെ പ്രദർശനം എന്നിവയും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

92-ാമത് ശിവഗിരി തീർത്ഥാടന മഹാസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ഉദ്ഘാടനം ചെയ്യും. തീർത്ഥാടനത്തോടനുബന്ധിച്ച് നടക്കുന്ന കൃഷി-കൈത്തൊഴിൽ വ്യവസായം- ടൂറിസം സമ്മേളനം കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് ഉച്ച കഴിഞ്ഞ് ഉദ്ഘാടനം ചെയ്യും.

✪✪✪

ഹാർബറുകൾ ആധുനീകരിക്കാനും മത്സ്യതൊഴിലാളികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താനുമായി ആവിഷ്ക്കരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുമെന്ന് കേന്ദ്ര സഹ മന്ത്രി ജോർജ് കുര്യൻ പറഞ്ഞു. കൊയിലാണ്ടി, പുതിയാപ്പ ഹാർബറുകൾ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പ്രകാരം നരേന്ദ്രമോദി ഗവൺമെന്റ് തീരദേശ മേഖലയിൽ നടപ്പാക്കി വരുന്ന നീല വിപ്ലവം മത്സ്യബന്ധന മേഖലയിൽ വൻ പരിവർത്തനമുണ്ടാക്കുന്നുണ്ടെന്നും ജോർജ്ജ് കുര്യൻ പറഞ്ഞു.

✪✪✪

കൊച്ചി കലൂർ സ്റ്റേഡിയത്തിൽ നൃത്ത പരിപാടി ഉദ്ഘാടന വേളയിൽ ഉണ്ടായ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന തൃക്കാക്കര MLA ഉമാ തോമസിനെ നിയമസഭാ സ്പീക്കർ AN ഷംസീർ സന്ദർശിച്ചു.

മെഡിക്കൽ സംഘവുമായി സംസാരിച്ച സ്പീക്കർ MLA യുടെ ആരോഗ്യ വിവരങ്ങൾ ആരായുകയും ഏറ്റവും മികച്ച ചികിത്സ ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

✪✪✪

KSRTC യുടെ നൂതന സംരംഭമായ KSRTC റോയൽ വ്യൂ ഡബിൾ ഡെക്കർ സർവ്വീസ് ഇന്ന് മന്ത്രി KB ഗണേഷ് കുമാർ തിരുവനന്തപുരത്ത് ഫ്ളാഗ് ഓഫ് ചെയ്യും. യാത്രക്കാർക്ക് നഗരക്കാഴ്ച പൂർണ്ണമായും ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ ട്രാൻസ്പാരന്റ് ഡബിൾ ഡെക്കർ ബസ് മൂന്നാറിലായിരിക്കും സർവ്വീസ് നടത്തുക.

✪✪✪

വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനും ഇറങ്ങിയാൽ സംഘർഷം പരമാവധി ലഘൂകരിക്കുന്നതിനും കോഴിക്കോട് വനം ഡിവിഷനിൽ ബഹുമുഖ പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കിവരുന്നതായി മന്ത്രി AK ശശീന്ദ്രൻ വ്യക്തമാക്കി.

കോഴിക്കോട് ജില്ലയിൽ 63.5 കിലോമീറ്റർ സൗരോർജ്ജ വേലി സ്ഥാപിക്കുന്നതും പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷനിൽ വനിത ജീവനക്കാർക്കായി നിർമിച്ച ലേഡീസ് ബാരക്ക് കെട്ടിടവും ഉൾപ്പെടെ നാല് പദ്ധതികളുടെ ഉദ്ഘാടനം നിർവഹി ക്കുകയായിരുന്നു മന്ത്രി.

കക്കാടംപൊയിൽ, വയലട എന്നിവിടങ്ങളിൽ പുതുതായി ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി ലഭ്യമാക്കിയതായി മന്ത്രി പറഞ്ഞു.

✪✪✪

പുത്തൻ പ്രതീക്ഷകളുമായി പുതുവർഷത്തെ വരവേൽക്കാൻ നാടും നഗരവുമൊരുങ്ങി. ഓരോ പുതിയ തുടക്കവും പ്രതീക്ഷകളുടേതും

പ്രത്യാശയുടേതുമാണ്. എല്ലാ പുതുവത്സരം തുടങ്ങുമ്പോഴും പുതിയ സ്വപ്നങ്ങളും ലക്ഷ്യങ്ങളുമാണ് നാം മനസ്സിൽ കുറിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്

............വോയ്സ്..............

ഇന്ത്യൻ സമയം ഉച്ചയ്ക്ക് മൂന്നരയ്ക്ക് കിരിബാത്തി ദ്വീപിലാണ് ആദ്യം പുതുവർഷം പിറക്കുക. നാലരയോടെ ന്യൂസിലാൻഡിലും ആറരയോടെ ഓസ്ട്രേലിയയിലെ സിഡ്നിയിലും പുതുവർഷമെത്തും. എട്ടരയോടെ ജപ്പാനും, ഒമ്പതരയോടെ ചൈനയും പുതുവർഷത്തെ വരവേൽക്കും. ഏറ്റവുമൊടുവിൽ പുതുവർഷമെത്തുന്നത് അമേരിക്കയിലെ ജനവാസമില്ലാത്ത ബേക്കർ ദ്വീപ്, ഹൗലാൻഡ് ദ്വീപ് എന്നിവിടങ്ങളിലാണ്.

പുതുവത്സരാഘോഷവേളയിൽ ക്രമസമാധാനവും സ്വൈരജീവിതവും ഉറപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദേശം നൽകി.

പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളിലും ആളുകൾ കൂടുതലായി കൂടുന്ന ഇടങ്ങളിലും ഡ്രോൺ നിരീക്ഷണം ശക്തമാക്കും. ഗതാഗത നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കും. മദ്യപിച്ച് വാഹനമോടിക്കുക, അമിതവേഗം, അശ്രദ്ധയോടെ വാഹനമോടിക്കുക, പ്രായപൂർത്തിയാകാത്തവരുടെ ഡ്രൈവിംഗ്, അഭ്യാസപ്രകടനങ്ങൾ എന്നിവ ബോർഡർ സീലിംഗിലൂടെയും കർശന വാഹനപരിശോധനയിലൂടെയും തടയും.

✪✪✪

പുതുവത്സരത്തോടനുബന്ധിച്ച് ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ പപ്പാഞ്ഞിയെ കത്തിക്കുന്ന ചടങ്ങ് ഇന്ന് അർദ്ധരാത്രി ഉണ്ടാവില്ല. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തെ തുടർന്ന് നാളെ വരെ ദേശീയ ദുഃഖാചരണം പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ഇത്.

എന്നാൽ ഹൈക്കോടതി അനുമതി ലഭിച്ചതിനെ തുടർന്ന് ഗാല ഡി കൊച്ചി എന്ന സംഘടനയുടെ നേതൃത്വത്തിൽ ഫോർട്ടുകൊച്ചി വെളി ഗ്രൗണ്ടിൽ ഇന്ന് അർധരാത്രി പപ്പാഞ്ഞി കത്തിക്കൽ ചടങ്ങ് നടക്കും.

തൃക്കാക്കര കാർണിവലിന്റെ ഭാഗമായി NGO കോട്ടേഴ്സ് ജംഗ്ഷനിൽ സ്ഥാപിച്ച 40 അടി ഉയരമുള്ള പപ്പാഞ്ഞി യെയും ഇന്ന് അർദ്ധരാത്രിയോടെ കത്തിക്കും.

പുതുവത്സരത്തോടനുബന്ധിച്ച് പോലീസ് ഫോർട്ടുകൊച്ചി ഉൾപ്പെടെ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സുരക്ഷ സംവിധാനം ശക്തിപ്പെടുത്തി.

✪✪✪

പുതുവത്സരത്തോട് അനുബന്ധിച്ച് കൊച്ചി വാട്ടർ മെട്രോ ഉച്ചയ്ക്ക് ശേഷം 10 മിനിറ്റ് ഇടവിട്ട് വൈകുന്നേരം 7 മണി വരെ ഫോർട്ട് കൊച്ചിയിലേക്ക് സർവീസ് നടത്തും.

ഫോർട്ട് കൊച്ചിയിലേക്ക് ഉച്ചയ്ക്ക് ശേഷം 10 മിനിട്ട് വരെ ഇടവേളയിലാവും സർവീസ്.

വൈപ്പിനിലേയ്ക്ക് സാധാരണ സർവീസ് രാത്രിയിലും തുടരും. രാത്രി 11.30 ന് ശേഷം വൈപ്പിനിൽ നിന്നും ഹൈക്കോടതി ജെട്ടിയിലേയ്ക്ക് പത്ത് മിനിട്ടിൽ താഴെ ഇടവേളകളിൽ സർവീസ് ഉണ്ടാകും. ഇത് പുലർച്ചെ 4.30 വരെയോ തിരക്ക് തീരുന്നവരെയോ തുടരുമെന്ന് കൊച്ചി വാട്ടർ മെട്രോ അറിയിച്ചു

✪✪✪

കോഴിക്കോട്ട് വൈകീട്ട് 5.00 മുതൽ ഗാന്ധി റോഡിനും വലിയങ്ങാടി ജംഗ്ഷനും ഇടയിൽ വരെ വാഹനഗതാഗതം അനുവദിക്കില്ല.

ബീച്ചിലേക്ക് വരുന്നവർ നാളെ പുലർച്ചെ ഒരു മണിയ്ക്കകം തിരിച്ചുപോകണമെന്നും പൊലീസ് അറിയിച്ചു.

✪✪✪

പുതുവത്സരാഘോഷങ്ങൾ അതിരു കടക്കാതിരിക്കാൻ കണ്ണൂർ ജില്ലയിൽ വാഹന പരിശോധന കർശനമാക്കി.

✪✪✪

78-ാം സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം ഇന്ന് ബംഗാളിനെ നേരിടും. ഹൈദരാബാദ് ബാലയോഗി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

സെമിയിൽ മണിപ്പൂരിനെ ഒന്നിനെതിരെ അഞ്ച് ഗോളിന് തോൽപ്പിച്ചാണ് കേരളം ഫൈനലിലെത്തിയത്. 16-ാം തവണയാണ് കേരളം സന്തോഷ്ട്രോഫി ഫൈനലിൽ കളിക്കുന്നത്. നിലവിൽ ചാമ്പ്യന്മാരായ സർവീസസിനെ രണ്ടിനെതിരെ നാല് ഗോളിന് തോൽപ്പിച്ച് ഫൈനലിലെത്തിയ ബംഗാളിന്റെ 48-ാം ഫൈനൽ മത്സരമാണിത്.

✪✪✪

ISL ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡിന് ജയം. മുംബൈയിൽ നടന്ന മത്സരത്തിൽ ഏകപക്ഷീയമായ മൂന്നു ഗോളിനാണ് മുംബൈ സിറ്റിയെ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പരാജയപ്പെടുത്തിയത്.

✪✪✪

മുപ്പത്തി ഒമ്പതാമത് ദേശീയ സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പിന് ഇന്ന് കണ്ണൂരിൽ തുടക്കമാവും. മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ രാവിലെ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ

.........വോയ്സ്.........

കേരള സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പിൽ 26 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സർവ്വീസസിന്റെയും ടീമുകൾ പങ്കെടുക്കുന്നുണ്ട്. ഒളിമ്പ്യൻ ഭവാനി ദേവി ഉൾപ്പെടെയുള്ളവർ മത്സരത്തിൽ പങ്കെടുക്കുനായെത്തും. ഇൻഡോർ സ്റ്റേഡിയത്തിൽ പ്രത്യേകം സജ്ജീകരിച്ച 13 പിസ്റ്റുകളിലാണ് മത്സരങ്ങൾ നടക്കുക. എപ്പെ, സാബർ, ഫോയൽ വിഭാഗത്തിൽ ടീം മത്സരങ്ങളും വ്യക്തിഗത മത്സരങ്ങളും ഉണ്ടായിരിക്കും. രാവിലെ ഒമ്പത് മണി മുതൽ വൈകുന്നേരം ഏഴ് മണി വരെയാണ് മത്സരങ്ങൾ നടക്കും. ജനവരി മൂന്നു വരെ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ 700 ഓളം കായിക താരങ്ങളാണ് മത്സരിക്കാനെത്തുന്നത്. ഉത്തരാഖണ്ഡിൽ നടക്കുന്ന 38ാമത് ദേശീയ ഗെയിംസിന്റെ സെലെക്ഷൻ മത്സരം കൂടി ആണ് ഈ ചാമ്പ്യൻഷിപ്പ്.

✪✪✪

വികസനത്തോടൊപ്പം നാടിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കിയ നേതാവായിരുന്നു മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് എന്ന് KPCC. പ്രസിഡന്റ് K. സുധാകരൻ പറഞ്ഞു.

കണ്ണൂർ ജില്ലാ കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച സർവ്വകക്ഷി അനുശോചന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എതിർപ്പുകൾ വക വെക്കാതെ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത മൻമോഹൻസിംഗ് മുന്നിൽ കണ്ടുവെന്നും K സുധാകരൻ പറഞ്ഞു.

✪✪✪